# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3387 — 18/02/2013 - ലെ മറുപടിയ്ക്ക്

## കർഷകർക്ക് അനുവദിച്ചിട്ടുള്ള സബ്സിഡികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീമതി.ഗീതാ ഗോപി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് കർഷകർക്ക് ഏതെല്ലാം തരത്തിലുള്ള സബ്സിഡികളാണ് അനുവദിച്ചു കൊണ്ടിരുന്നതെന്ന് വ്യക്തമാക്കുമോ ; നിലവിൽ കർഷകർക്ക് ഏതെല്ലാം തരത്തിലുള്ള സബ്സിഡികൾ അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | **(എ)** സംസ്ഥാനത്തെ കർഷകർക്ക് ഉത്പാദനോപാധികളായ നടീൽ വസ്തുക്കൾ, വിത്ത്, വളം, യന്ത്രസാമഗ്രികൾ, സസ്യസംരക്ഷണ ഉപാധികൾ എന്നിവയ്ക്കാണ് പ്രധാനമായും സബ്സിഡികൾ അനുവദിച്ചുകൊണ്ടിരുന്നത്. കൂടാതെ പമ്പുസെറ്റിനുള്ള വൈദ്യുതിയ്ക്ക് സബ്സിഡി, ഉൽപാദന ബോണസ്സ്, ഉല്പന്നങ്ങളുടെ സംഭരണ വിതരണത്തിനുള്ള ആനുകൂല്യങ്ങൾ എന്നിവയും കർഷകർക്ക് ലഭ്യമാകുന്നു. മേൽ പറഞ്ഞ ആനുകൂല്യങ്ങൾ എല്ലാം തന്നെ ഇപ്പോഴും കർഷകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. |
| **(ബി)** കേന്ദ്രസർക്കാർ രാസവിള സബ്സിഡി വെട്ടിക്കുറച്ചതിനെ തുടർന്നുണ്ടായ രാസവിള വിലക്കയറ്റം മൂലവും മറ്റ് കാർഷിക ചെലവുകൾ വർദ്ധിച്ചതുമൂലവും കർഷകർ കൃഷി ഉപേക്ഷിക്കുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ കർഷകരെ ഈ രംഗത്ത് ഉറപ്പിച്ച് നിർത്തുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | **(ബി)** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാസവിള വില വർദ്ധനവ് മൂലവും മറ്റും ഉണ്ടായിട്ടുള്ള അധിക ചെലവ് ഒരു പരിധിവരെ തരണം ചെയ്യുന്നതിനായി 2012-13 വർഷത്തെ നെൽകൃഷിയ്ക്ക് നൽകുന്ന സഹായധനം 1500/- രൂപയിൽ നിന്ന് 4000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ മറ്റ് പദ്ധതികളിലുള്ള സഹായധനങ്ങളും യഥാസമയം കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ